എൻ. ഇ. എസ്. ബ്ലോക്കുകളുടെ സ്ഥാനനിർണ്ണയം.

* 194. [93] ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) എൻ. ഇ. എസ്. ബ്ലോക്കുകളുടെ സ്ഥാനനിർണ്ണയംചെയ്യുന്നതു് കൂടുതൽ അവികസിത പ്രദേശത്തിനു നോക്കിയാണോ ;

(ബി) അങ്ങനെങ്കിൽ ചങ്ങനാശേരി താലൂക്കിലെ ഏറ്റവും അവികസിതമായ സ്ഥലത്താണോ ഈ വർഷം ബ്ലോക്കു് അനുവദിച്ചിട്ടുള്ളതു് ;

(സി) ചങ്ങനാശേരി താലൂക്കിന്റെ കിഴക്കൻ പകുതിയാണു് പ്രസ്തുത താലൂക്കിൽ ഏറ്റവും അവികസിതങ്ങളായി കിടക്കുന്നതെന്നു് ഗവണ്മെന്റിനു് അറിയാമോ ;

(ഡി) ഇനിയും അടുത്തതായി ബ്ലോക്കുകൾ അനുവദിക്കുമ്പോൾ പ്രസ്തുത പ്രദേശങ്ങൾക്കു് മുൻഗണന കൊടുക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) അവികസിത പ്രദേശങ്ങൾമാത്രം നോക്കിയല്ല എൻ. ഇ. എസ്. ബ്ലോക്കുകളുടെ സ്ഥാനനിർണ്ണയം ചെയ്യുന്നതു്. നിലവിലിരിക്കുന്ന ബ്ലോക്കുകളോടു് തൊട്ടുകിടക്കുന്ന പ്രദേശമാണു് എടുത്തിട്ടുള്ളതു്.

(ബി) ആൻഡു് (സി) (എ) വിഭാഗത്തിന്റെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ആലോചിക്കാം.

UNSTARRED QUESTIONS AND ANSWERS.

പോലീസ് ചാർജ്ജു് കേസുകൾ.

83. [2] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ;

(എ) പോലീസ് ചാർജ്ജു കേസുകളിൽ, 1953–1954 സാമ്പത്തിക വർഷത്തിൽ തീർച്ചചെയ്തിട്ടുള്ള കേസുകൾ എത്രയാണു് ;

(ബി) ശിക്ഷിച്ച കേസുകളുടെ എണ്ണം ;

(സി) വെറുതേവിട്ട കേസുകളുടെ എണ്ണം ?

ഉത്തരം.

(എ) 4536.
(ബി) 2697.
(സി) 1387.

ഇലക്ട്രിക്കൽ ഡിപ്പാർട്ടുമെൻറിലെ തൊഴിലാളികൾ.

84. [3] ശ്രീ. യു നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യത്തിനു് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഇലക്ട്രിക്കൽ ഡിപ്പാർട്ടുമെൻറിലെ തൊഴിലാളികൾക്കു് വേജ് ഷെഡ്യൂൾ എർപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്തു് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മദ്രാസ് സ്റ്റോറിലെ ഷെഡ്യൂൾ വേജും ഇവിടെ കൊടുത്തു വരുന്ന വേജും തമ്മിൽ എന്തു് പൊരുത്തമാണുള്ളതു് ;

(സി) ഒരു കഴി കഴിക്കുന്നതിനു് ഉദ്യോഗസ്ഥന്മാർ 10 രൂപവരെ എസ്റ്റിമേറു് ചെയ്യാറുണ്ടോ ;

(ഡി) സർക്കാരിൽനിന്നും അനുവദിക്കുന്ന കൂലി തൊഴിലാളികൾക്കു് ലഭിക്കുന്നുണ്ടോ എന്നു് അന്വേഷിച്ചിട്ടുണ്ടോ ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) വേജ് ഷെഡ്യൂൾ അതാതു സ്ഥലങ്ങളിലെ ജീവിതച്ചെലവിനെ ആശ്രയിച്ചിരിക്കുന്നതിനാൽ താരതമ്യപ്പെടുത്താവുന്നതല്ല.

(സി) കഴിയുടെ വലിപ്പത്തേയും മണ്ണിന്റെ പ്രകൃതിയേയും ആശ്രയിച്ചു് കഴിയ്ക്കുന്നതിനുള്ള ചെലവു് വ്യത്യാസപ്പെട്ടിരിക്കും. സാധാരണ മണ്ണിൽ L. T. തുണു് നാട്ടുവാനുള്ള കഴിക്കു് 1-12-0 രൂപയേ ചെലവാകാറുള്ളൂ.

(ഡി) തൊഴിലാളികളുടെ കൂലി അവക്കു് കൃത്യമായി കൊടുത്തു വരുന്നുണ്ടു്. കൂലി കുടിശ്ശിക എന്നു് പരാതികൾ ലഭിച്ചിട്ടില്ല.

പുതിയ ബസ്സുകൾ.

85. [4] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ എത്ര പുതിയ ബസ്സുകൾ ട്രാൻസ്പോർട്ടു് ഡിപ്പാർട്ടുമെന്റിൽ വാങ്ങിയിട്ടുണ്ടു്;

(ബി) ഏതു കമ്പനിയിൽനിന്നും, എന്തു വിലവച്ചു്;

(സി) ഓർഡർ ചെയ്ത എല്ലാ ബസ്സുകളും വന്നുചേർന്നിട്ടുണ്ടോ;

(ഡി) ഇതിൽ ഏതിനെങ്കിലും പാർട്ടുസ് ഇല്ലാതിരിക്കുകയോ, തകരാറു സംഭവിക്കുകയോ ചെയ്തിട്ടുണ്ടോ?

ഉത്തരം.

(എ) 100 ബസ്സുകൾ.

(ബി) Tata Locomotive and Engineering Co. Ltd.-ൽ നിന്നും 60 എണ്ണം 25010 രൂപവീതവും, 20 എണ്ണം 22755 രൂപ വീതവും, 20 എണ്ണം 23985 രൂപ വീതവും വിലവച്ചു്.

(സി) ഉണ്ടു്.

(ഡി) ഇല്ല.

Industrial Disputes.

86. [5] SHRI K. SATTANATHA KARAYALAR: Will the Chief Minister be pleased to state:

(a) the number of industrial disputes taken up by the Labour Department this year;

LIBRARY ARCHIVES Kerala Legislative Assembly